# വീട്ടുപ്ലാനം

വീടുനിർമ്മാണത്തിന്
ഒരു സമ്പൂർണ്ണ വഴികാട്ടി

2016 September–November | Vol. 1 | Issue 3 | Price ₹100/- | AED 30



**നമുക്കു വേണ്ടത് വളരും വീടുകൾ**
ആർക്കിടെക്റ്റ്
ആർ.കെ രമേഷ്

**ഗൃഹവാസ്തുകല**
ആർക്കിടെക്റ്റ്
എസ്. ഗോപകുമാർ

**20 ലക്ഷത്തിന്റെ വീട്**
അമാക് ആർക്കിടെക്റ്റ്സ്

**അപ്പാർട്ട്മെന്റ് ഇന്റീരിയർ**
രാജേഷ് മേനോൻ

## കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള
# 14 വീടുകൾ

ചെലവു കുറഞ്ഞ വീട്

# പുഴയോരത്തെ വീട്

ലാളിത്യം മാത്രം അലങ്കാരമാക്കി പുഴയോരത്തൊരുക്കിയ ഈ വസതി സ്വച്ഛശാന്തമായ ജീവിതാന്തരീക്ഷമാണ് വീട്ടുകാർക്ക് സമ്മാനിക്കുന്നത്








■ ടീം വീടും പ്ലാനും

സമാധാനത്തിന്റെയും ലാളിത്യത്തിന്റെയും പരിശുദ്ധിയുടേയും പ്രതീകമായ വെള്ളനിറം മാത്രം അകത്തും പുറത്തും പൂശിയ സുന്ദരവും, പ്രൗഢവുമായ ഗേഹം. ആഡംബരങ്ങളെ പുറത്തു നിർത്തി അതിഭാവുകത്വമില്ലാതെ മിനിമലിസ്റ്റിക് രീതിയിലൊരുക്കിയ ഈ ഭവനത്തിന്റെ ഉടമസ്ഥർ ജാസിം ഹൈദറും, അദ്ദേഹത്തിന്റെ പത്നിയും രണ്ടു മക്കളുമാണ്. കേരളത്തിലെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ കന്റംപ്രറി ശൈലിയിൽ തൃശൂർ ജില്ലയിലെ പെരിഞ്ഞനത്ത് ഒരുക്കിയ ഈ ഭവനം താമസക്കാർക്കും സന്ദർശകർക്കും ഒരുപോലെ നവോന്മേഷം പ്രദാനം ചെയ്യുന്നതാണ്. പുഴയിൽ നിന്നുള്ള കാറ്റിനു സ്വാഗതമേകാൻ പാകത്തിലുള്ള ജനലുകൾ വീടിനകത്ത് കുളിർമ്മ ഉറപ്പാക്കുന്നു. ഒരു സ്വകാര്യ വഴിയുടെ അറ്റത്തായി മറ്റനേകം വീടുകളാൽ ചുറ്റപ്പെട്ടു കിടക്കുന്ന ഈ വീടിന്റെ രൂപകൽപ്പന നിർവ്വഹിച്ചത് തൃശൂർ തൃപ്രയാർ അമാക് ആർക്കിടെക്റ്റ്സിലെ ആർക്കിടെക്റ്റ് ദമ്പതിയായ അനൂപ് ചന്ദ്രനും, മനീഷാ അനൂപുമാണ്.



ആർക്കിടെക്റ്റ് അനൂപ് ചന്ദ്രൻ & ആർക്കിടെക്റ്റ് മനീഷാ അനൂപ്

തുറന്ന ചിന്താഗതിക്കാരായ ഉടമസ്ഥരെപ്പോലെ പൂമുഖ വാതിൽ തുറന്നാൽ അടുക്കള വരെ ദൃശ്യമാകുന്ന വിധത്തിൽ തുറന്ന നയത്തിൽ രൂപകൽപ്പന ചെയ്ത ഈ വീടിന്റെ മൊത്തം നിർമ്മാണച്ചെലവ് കേവലം ഇരുപത് ലക്ഷം രൂപയാണ്. ഫ്ളോറിങ്ങിന് സ്റ്റാന്റേഡ് ഷേഡിലുള്ള വിട്രിഫൈഡ് ടൈൽ ഉപയോഗിച്ചതും എലിവേഷനിലെ എൽഇഡി ലൈറ്റിങ്ങും, കൊത്തുപണികളും, മറ്റു ഡിസൈൻ വർക്കുകളും ഒഴിവാക്കിയതും ചെലവു കുറയ്ക്കാൻ സഹായിച്ചിട്ടുണ്ട്. അകത്തളങ്ങൾ അലങ്കരിക്കുന്ന ചുമതല ജാസിമിന്റെ സഹോദരന്റെ ഉടമസ്ഥത

യിൽ കയ്പമംഗലത്തു പ്രവർത്തിക്കുന്ന ടോപ് വ്യൂ ഇന്റീരിയേഴ്സിനെ ഏൽപിച്ചത് അനുകൂല ഘടകമായി മാറി.

## തുറന്ന നയം

പൂമുഖം, ലിവിങ് കം ഡൈനിങ്, രണ്ടു ബാത്ത് അറ്റാച്ച്ഡ് കിടപ്പുമുറികൾ, കിച്ചൻ, വർക്കേരിയ എന്നിവയാണ് 1200 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഈ വീട്ടിലെ സൗകര്യങ്ങൾ. താമസക്കാരുടെ തുറന്ന ചിന്താഗതിയെ പിന്തുണക്കുംവിധം ഗേറ്റിലും, ചുറ്റുമതിലിന്റെ മുകളിൽ കുറച്ചു ഭാഗത്തും ബാൽക്കണിയിലും അഴികൾ നൽകിയിട്ടുണ്ട്.

വിശാലമായ ഹാളിന്റെ രണ്ടറ്റത്തുമായി സ്ഥിതി ചെയ്യുന്ന ലിവിങ്, ഡൈനിങ് ഏരിയകളെ വേർതിരിക്കുന്നത് ഓപ്പൺ കോർട്ട്യാർഡാണ്.

ഇവിടെ മിതമായ ഫർണിച്ചറേ ഉപയോഗിച്ചിട്ടുള്ളൂ. ഡൈനിങ്ങിന്റെ ചുമരിൽ ക്രോക്കറി ഷെൽഫും അനുബന്ധമായി ചെറിയ വാഷ് ഏരിയയും സജ്ജമാക്കിയിട്ടുണ്ട്. കോർട്ട്യാർഡിലൂർപ്പെടെ ഹാളിലുടനീളം നൽകിയിരിക്കുന്ന ജനലുകൾ ക്രോസ് വെന്റിലേഷൻ സാധ്യമാക്കുന്നുണ്ട്.

## മഴയ്ക്ക് ഒരിടം

ഓപ്പൺ കോർട്ട്യാർഡിന്റെ സീലിങ്ങിൽ ഗ്രില്ലിട്ടിരിക്കുകയാണ്. അങ്ങനെ സുരക്ഷിതത്വവും തുറസ്സും ഒരേസമയം ഉറപ്പാക്കിയിരിക്കുന്നു. തറയിൽ മെറ്റൽ നിരത്തി അതിന്റെ വശത്തു ഗ്രനൈറ്റ് പാളികളും നൽകിയിട്ടുണ്ട്. ഇവിടു



മഴയും വെയിലും വിരുന്നിനെത്തുന്ന കോർട്ട്യാർഡിന്റെ വശങ്ങളിലെ അരമതിലിൽ ഇരിപ്പിട സൗകര്യവും സ്റ്റോറേജ് സൗകര്യവും ഉൾച്ചേർത്തിരിക്കുന്നു

ഫർണിഷിങ്ങിലെ ഇളംനിറങ്ങളാൽ ശ്രദ്ധേയമാണ് ലിവിങ് ഏരിയ





കോർട്ട്യാർഡാണ് ലിവിങ് ഡൈനിങ് ഏരിയകളെ വിഭജിക്കുന്നത്.

ത്തെ അരഭിത്തിയിൽ ഇരിപ്പിടം ഒരുക്കിയതിനു പുറമെ അടിഭാഗത്ത് സ്റ്റോറേജ് സൗകര്യവും ഒരുക്കിയിട്ടുണ്ട്. അകത്തളങ്ങളിൽ വിരുന്നെത്തുന്ന മഴ ആവോളം ആസ്വദിക്കാം എന്നത് ഈ ഏരിയയെ ഗൃഹനാഥന്റേയും, സഹോദരങ്ങളുടേയും കുട്ടികൾക്ക് പ്രിയപ്പെട്ട ഇടമാക്കി മാറ്റിയിട്ടുണ്ട്. ഭാവിയിൽ വീട് വിപുലീകരിക്കുമ്പോൾ ഈ കോർട്ട്യാർഡിൽ സ്റ്റെയർകേസിനും ഇടം കണ്ടെത്താവുന്നതാണ്.


ലിവിങ് കം ഡൈനിങ് ഏരിയയുടെ വശത്തായാണ് രണ്ടു കിടപ്പുമുറികളുടേയും സ്ഥാനം. മാസ്റ്റർ ബെഡ്റൂമിനോട് ചേർന്ന് ചെറിയ ഡ്രസിങ് ഏരിയ ഒരുക്കിയിട്ടുണ്ട്. ഉപയുക്തത മാത്രം ആധാരമാക്കിയ രണ്ടു കിടപ്പുമുറികളിലും ധാരാളം ജനലുകളും, ഫുൾഹൈറ്റ് വാഡ്രോബും നൽകിയിട്ടുണ്ട്.



സമൃദ്ധമായ ജനാലകളും സ്റ്റോറേജ് സൗകര്യവുമുള്ള കിടപ്പുമുറികളിൽ ഉപയുക്തതയ്ക്ക് പ്രാധാന്യം നൽകിയിരിക്കുന്നു








GROUND FLOOR PLAN
AREA- 1200 FT²

**PROJECT DETAILS**

| | |
|---|---|
| Architect | Anoop Chandran V.P<br>9995000222<br>Maneesha Anoop<br>8086660007<br>Amac Architects<br>-Interiors-Vasthu Consultants<br>Triprayar, Thrissur<br>amacindia@gmail.com |
| Owner | Jassim Hyder |
| Location | Perinjanam, Thrissur |
| Year of Completion | 2015 |
| Site Area | 5 Cents |
| Built Area | 1200 Sq.Ft |
| Project Contractor | Kunjumohammed<br>9447436415 |
| Interior Designer/ Interior Contractor/ Painting/ Flooring/ Modular Kitchen/ Carpenter | Top View Interiors<br>9946645454 |



ധാരാളം സ്റ്റോറേജ് സൗകര്യങ്ങളോടെ ഒരുക്കിയിരിക്കുന്ന 'L' ഷേപ്പ് കിച്ചൻ

## ആധുനിക സൗകര്യങ്ങളോടെ കിച്ചൻ

ഇവിടുത്തെ 'L' ഷേപ്പ് കിച്ചനിൽ ഗൃഹോപകരണങ്ങൾ ഇൻബിൽറ്റായാണ് സ്ഥാപിച്ചിരിക്കുന്നത്. കുക്കിങ്ങ് റേഞ്ചിനു പുറമെ പുകയില്ലാത്ത അടുപ്പിനും ഇവിടെ ഇടം കണ്ടെത്തിയിട്ടുണ്ട്. ബ്ലാക്ക് ഗ്രനൈറ്റ് കൗണ്ടർടോപ്പും, സ്റ്റോറേജിന് എംഡിഎഫ് ക്യാബിനറ്റുകളും വുഡൻ ഷേഡുള്ള പിരമിഡ് ടൈൽസ് കൊണ്ടുളള ഫ്ളോറിങ്ങുമാണ് ഇവിടെയുള്ളത്. ഇതിനനുബന്ധമായി ഒരു വർക്കേരിയയും നൽകിയിട്ടുണ്ട്.

ലാളിത്യം മാത്രം അലങ്കാരമാക്കി പുഴയോരത്തൊരുക്കിയ ഈ വസതി സ്വച്ഛശാന്തമായ ജീവിതാന്തരീക്ഷമാണ് വീട്ടുകാർക്ക് സമ്മാനിക്കുന്നത്. ഭൂവിസ്തൃതി കേവലം അഞ്ചു സെന്റാണെങ്കിലും പൂച്ചെടികൾ നട്ടും, പച്ചക്കറിത്തോട്ടം ഒരുക്കിയും ആ സ്ഥലം പരമാവധി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. സമീപഭാവിയിൽ ടെറസിൽ പച്ചക്കറിക്കൃഷി തുടങ്ങാനും ഉടമസ്ഥർക്ക് ഉദ്ദേശ്യമുണ്ട്.

ഫോട്ടോഗ്രാഫി : പ്രതീഷ്